**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4624** **19-03-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി സെൻസസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ എന്നാണ് അവസാനമായി വന്യജീവി സെൻസസ് നടന്നിട്ടുള്ളതെന്ന് അറിയിക്കുമോ; അടുത്ത വന്യജീവി സെൻസസ് എന്ന് നടക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | വന്യജീവി സെൻസസ് എന്ന നിലയിൽ എല്ലാ വന്യ മൃഗങ്ങൾക്കുമായി ഒരുമിച്ച് ഒരു കണക്കെടുപ്പ് പ്രക്രിയ നടത്താറില്ല. പോപ്പുലേഷൻ എസ്റ്റിമേഷനാണ് ഇടവേളകളിൽ നടത്താറുള്ളത്. കാട്ടാനകളുടെ പോപ്പുലേഷൻ എസ്റ്റിമേഷൻ അവസാനമായി 2024 വർഷത്തിലും കടുവകളുടേയും പുലികളുടേയും പോപ്പുലേഷൻ എസ്റ്റിമേഷൻ 2022 വർഷത്തിലുമാണ് അവസാനമായി കേരളത്തിലുടനീളം നടന്നിട്ടുള്ളത്. കൂടാതെ സംസ്ഥാനത്ത് വരയാട്ടുകളുടെ കണക്കെടുപ്പ് എല്ലാ വർഷവും നടത്തി വരുന്നു. കടുവകളുടെ കണക്കെടുപ്പ് നാല് വർഷത്തിലൊരിക്കലും വരയാട്ടു-കളുടേത് വർഷാവർഷവും ആനകൾക്ക് All India Synchronized Elephant Population Estimation അഞ്ച് വർഷം കൂടുമ്പോഴുമാണ് സാധാരണയായി നടത്താറുള്ളത്. |
| (ബി) | വന്യജീവി സെൻസസ് പ്രകാരം ഏതെങ്കിലും വന്യജീവികളുടെ എണ്ണം ക്രമാതീതമായി കൂടുകയോ കുറയുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ലഭ്യമായ കണക്കുകളനുസരിച്ച് കേരളത്തിൽ വന്യജീ-വികളുടെ എണ്ണം ക്രമാതീതമായി കൂടുകയോ കുറയു-കയോ ചെയ്തിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല. ഭൂപ്രകൃതി, കാലാവസ്ഥ, ലാൻഡ്സ്കേപ്പ്, ജലഭക്ഷണ ലഭ്യത എന്നിവയ്ക്കനുസൃതമായി വന്യമൃഗങ്ങൾ ദേശാടനം നടത്തുന്നത് സ്വാഭാവികമാകയാൽ പ്രാദേശികമായ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. എന്നാൽ കേരളം ഉൾപ്പെടുന്ന തെക്കൻ സംസ്ഥാന മേഖലകളിൽ വന്യജീവികളുടെ എണ്ണം ഏറെക്കുറേ സ്ഥിരതയുള്ള-തായിട്ടാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ